# ഹൈവേ കേന്ദ്രീകരിച്ച് കവർച്ച പ്രതി പെരിന്തൽമണ്ണയിൽ പിടിയിൽ

പെരിന്തൽമണ്ണ: ഹൈവേ കേന്ദ്രീകരിച്ചുള്ള കവർച്ചാ കേസുകളിലെ പ്രതി പെരിന്തൽമണ്ണയില് പിടിയിലായി. തമിഴ്നാട്ടില് നിന്നും കർണാടകയില് നിന്നും പണവും സ്വർണവും കൊണ്ടുവരുന്ന സംഘങ്ങളുടെ വാഹനങ്ങളും കരിയർമാരെയും പിന്തുടർന്ന് ആളൊഴിഞ്ഞ സ്ഥലത്ത്വച്ച് പണവും മറ്റും കവരുന്ന സംഘമാണ് അറസ്റ്റിലായത്. പാലക്കാട് പുത്തൂർ ആർ.കെ നഗറിലെ രാജേഷി(30)നെയാണ് പെരിന്തൽമണ്ണ യിലെ പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്. 2015 ല് അരക്കുപറമ്പയിൽ ഇന്നോവ കാര് അപകടത്തിൽപെടുത്തി പണം കവർന്ന കേസില് നടത്തിയ അന്വേഷണത്തില് ഇന്നോവ കാർ രജിസ്റ്റര് ചെയ്ത നമ്പര് വ്യാജമാണെന്ന് കണ്ടെത്തിയിരുന്നു.

സംഭവത്തിൽ മൂന്ന് പ്രതികളുള്ളതായും ഇവര് ഒളിവില് പോവുകയുമായിരുന്നു. അറസ്റ്റ് ചെയ്ത പ്രതിയെ വിശദമായി ചോദ്യം ചെയ്തതിൽ നിന്നും തമിഴ്നാട്ടിലും കേരളത്തിലുമായി നിരവധി കവർച്ചാ കേസുകള് നടത്തിയതായി പൊലിസിനോട് പ്രതി സമ്മതിച്ചു. പെരിന്തൽമണ്ണ ഡി.വൈ.എസ്.പി ടി.എസ് സുരേഷ്, എ.എസ്.പി സുജിത്ദാസ്, സി.ഐ സാജു.കെ അബ്രഹാം, സി.പി മുരളി, പി.എൻ മോഹനകൃഷ്ണന്, എൻ.ടി കൃഷ്ണകുമാർ, എൻ.വി ഷബീർ, ദിനേശ് കിഴക്കേക്കര, നെവിൻ പാസക്കൽ, പ്രമോദ്, എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.